**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3826

15.05.2017- ൽ മറുപടിയ്ക്ക്

**പാണക്കാട് വില്ലേജിലെ ഇൻകെൽ എജ്യുസിറ്റിയിൽ അനുവദിച്ച ഭൂമിയുടെ കൈമാറ്റനടപടികൾ**

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മലപ്പുറം ഗവൺമെന്റ് വനിതാ കോളേജ് എന്നിവക്കായി പാണക്കാട് വില്ലേജിലെ ഇൻകെൽ എജ്യുസിറ്റിയിൽ അനുവദിച്ച ഭൂമിയുടെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റ്യൂട്ട്, മലപ്പുറം വനിതാ കോളേജ് എന്നിവയ്ക്കായി പാണക്കാട് വില്ലേജിലെ ഇൻകൽ എജ്യുസിറ്റിയിൽ അനുവദിച്ച ഭൂമിയുടെ സ്ഥലം പതിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ മേൽ നടപടി കൈക്കൊള്ളുന്നതിന് KSIDC യും ഇൻകലും തമ്മിലുള്ള പാട്ടക്കരാർ പുതുക്കേണ്ടതുള്ളതിനാൽ ആയതിന് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർക്ക് മലപ്പുറം ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) സ്ഥലം കൈമാറ്റനടപടികൾക്കുള്ള സാങ്കേതികതടസ്സങ്ങൾ എന്തെല്ലാമാണ്; അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ;<br><br>(സി) രണ്ട് സംരംഭങ്ങളുടെയും പ്രാധാന്യം കണക്കിലെടുത്ത് എത്രയുംവേഗം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) | മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച ഭൂമി കെ.എസ്.ഐ.ഡി.സിയും ഇൻകലും തമ്മിലുള്ള കരാറിൽ ഉൾപ്പെട്ട ഭൂമിയാണ്. ടി കരാർ പ്രകാരം അനുവദിച്ച ഭൂമി കുറവ് ചെയ്ത് റവന്യൂ വകുപ്പിന് ഡീവെസ്റ്റ് ചെയ്ത് കെ.എസ്.ഐ.ഡി.സിയും ഇൻകലും തമ്മിലുള്ള കരാർ പുതുക്കേണ്ടതാണ്. എന്നാൽ ടി കരാർ പുതുക്കുന്നതിലുള്ള സാങ്കേതിക തടസ്സം മൂലമാണ് ഭൂമി കൈമാറ്റം വൈകുന്നത്. റവന്യൂ വകുപ്പിന് ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ